**എ. കെ. ബാലൻ**
പട്ടിക പിന്നോക്കവിഭാഗക്ഷേമവും
വിദ്യുച്ഛക്തിയും വകുപ്പുമന്ത്രി



ഫോൺ
ഓഫീസ് : 0471-2335766
2328440
വസതി : 0471-2312329
2313347
ഫാക്സ് : 0471-2335766

തിരുവനന്തപുരം
തീയതി 22- 07- 09

## ആമുഖം

ശ്രീ. ജോർജ്കുട്ടി കരിയാനപ്പള്ളി പാരമ്പര്യേതര ഊർജ രംഗത്ത് ഏറെക്കാലമായി പ്രവർത്തിച്ചുവരുന്ന ഒരു സംരംഭകനാണ്. സൗരോർജ്ജ ഉപകരണങ്ങൾ, മറ്റ് പാരമ്പര്യേതര ഊർജ്ജ സംവിധാനങ്ങൾ എന്നിവയുടെ നിർമ്മാണ വിതരണ പ്രവർത്തനങ്ങളിലൂടെ പാരമ്പര്യേതര ഊർജ്ജ രംഗത്ത് നല്ല സംഭാവനയാണ് ജോർജ്കുട്ടി നൽകിവരുന്നത്. തന്റെ സംരംഭകത്വ പ്രവർത്തനങ്ങളിൽനിന്ന് ആർജ്ജിച്ച അനുഭവവും അറിവും സാധാരണക്കാര നിലെത്തിക്കുക എന്നതാണ് ജോർജ്കുട്ടിയുടെ സൗരോർജത്തിലേക്ക് എന്ന പുസ്തകത്തിന്റെ ലക്ഷ്യം.

സൗരോർജ പാനലുകളുടെ പ്രാഥമിക ശാസ്ത്രം മുതൽ വിവിധ ഭാഗങ്ങളുടെ അറ്റകുറ്റപ്പണികൾ വരെയുള്ള കാര്യങ്ങളെല്ലാം വളരെ വിശദമായിതന്നെ സൗരോർജത്തിലേക്ക് എന്ന പുസ്തകത്തിൽ വിശദമാക്കിയിട്ടുണ്ട്. ഓരോ ഉപഭോക്താവിനും തങ്ങളുടെ വീടുകളിൽ തന്നെ ആവശ്യത്തിന് വൈദ്യുതിയുണ്ടാക്കുക സാധ്യമാണെന്നും അധിക വൈദ്യുതി ഉൽപാദിപ്പിച്ച് പുറത്തേക്ക് വിൽക്കാൻപോലും കഴിയുമെന്നും ജോർജ്കുട്ടിയുടെ പുസ്തകം വ്യക്തമാക്കുന്നു. സൗരോർജ്ജ പാനലുകളും ഉപകരണങ്ങളും വാങ്ങുമ്പോൾ ലഭ്യമാകുന്ന വിവിധ സർക്കാർ സബ്സിഡികളെക്കുറിച്ചും വിശദമായി തന്നെ പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

ഹരിതവാതകമായ കാർബൺഡൈ ഓക്സൈഡ് ഉൽസർജ്ജനം കുറക്കുന്നതിന് വികസിത രാജ്യങ്ങൾ കാർബൺ ക്രെഡിറ്റ് സംവിധാനത്തിലൂടെ സഹായമെത്തിക്കുന്നുണ്ട്. പലപ്പോഴും ഇത്തരം സാധ്യതകൾ പാരമ്പര്യേതര ഊർജ്ജ രംഗത്ത് പ്രവർത്തിക്കുന്ന സംരംഭകർ പോലും അറിയാതെ പോകുകയാണ് പതിവ്. കാർബൺ ക്രെഡിറ്റ് ലഭ്യമാകുന്നതിന് ചെയ്യേണ്ട കാര്യങ്ങൾ ലളിതമായി തന്നെ സൗരോർജ്ജത്തിലൂടെ എന്ന ഈ പുസ്തകത്തിൽ വിശദീകരിച്ചിട്ടുണ്ട്. ചെറു കാറ്റാടി യന്ത്രങ്ങളുടെ സാധ്യതകളും പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

ഇത്തരത്തിൽ പാരമ്പര്യേതര ഊർജ്ജ രംഗത്ത് ഒരു റഫറൻസ് പുസ്തകം പോലെ ഉപയോഗപ്പെടുത്താവുന്ന ഒന്നാണ് ജോർജ്കുട്ടിയുടെ സൗരോർജ്ജത്തിലേക്ക്. കേവലം വിജ്ഞാന കൗതുകമെന്നതിനപ്പുറത്ത് പ്രായോഗിക ജ്ഞാനത്തിന്റെ പ്രയോഗമാണ് ഈ പുസ്തകത്തിന്റെ പ്രത്യേകത. ഈ പുസ്തകം മലയാളികൾക്ക് പരിചയപ്പെടുത്താൻ അവസരം കിട്ടിയതിൽ ഞാൻ ഏറെ സന്തോഷിക്കുന്നു.

എ.കെ. ബാലൻ